**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 910 | 30.10.2019-ൽ മറുപടിയ്ക്ക്

**<u>റോഡിലേക്ക് തെറിച്ചുവീണ കുഞ്ഞിനെ രക്ഷപ്പെടുത്തിയ സംഭവം</u>**

| | **<u>ചോദ്യം</u>**<br>ശ്രീ.വി.പി.സജീന്ദ്രൻ | **<u>ഉത്തരം</u>**<br>ശ്രീ.കെ.രാജു,<br>വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും<br>വകുപ്പ് മന്ത്രി |
|---|---|---|
| (എ) | രാത്രിയിലെ ജീപ്പ് യാത്രക്കിടയിൽ, മൂന്നാർ-മറയൂർ റോഡിൽ അമ്മയുടെ മടിയിൽ നിന്നും റോഡിലേയ്ക്ക് തെറിച്ചുവീണ കുഞ്ഞിനെ രക്ഷപ്പെടുത്തിയത് വനപാലകരാണെന്ന അവകാശവാദം വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽ നിന്ന് വനപാതയിലേയ്ക്ക് തെറിച്ച് വീണ കൈക്കുഞ്ഞിനെ ഓട്ടോ ഡ്രൈവറും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് രക്ഷിച്ച ഉടൻതന്നെ ബന്ധപ്പെട്ട് പോലീസ് അധികാരികളെ ഫോൺ മുഖാന്തിരം അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്. വനം വകുപ്പ് അപ്രകാരം അവകാശവാദം ഉന്നയിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ തെറ്റായ വാർത്ത പ്രചരിപ്പിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ചന്വേഷിച്ച് അപ്രകാരം ചെയ്ത ഉദ്യോഗസ്ഥർക്ക് കർശന താക്കീത് നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | കുട്ടിയെ രക്ഷിച്ച ഉടൻതന്നെ പ്രസ്തുത വിവരം യഥാസമയം ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിക്കുകയും ചെക്ക് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള CCTV ദൃശ്യങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും തെറ്റായ വാർത്തകളൊന്നും തന്നെ പ്രചരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ